# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ – 895

05.03.2018–ൽ
മറുപടിയ്ക്ക്

## തിരുമല–തൃക്കണ്ണാപുരം റോഡ് വീതികൂട്ടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ തിരുമല–തൃക്കണ്ണാപുരം റോഡ് വീതി കൂട്ടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) തിരുമല – തൃക്കണ്ണാപുരം റോഡ് വികസനവുമായി ബന്ധപ്പെട്ട് 274.91 ആർ സ്ഥലം ആവശ്യമുണ്ട്. ഇതിൽ 211.41 ആർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് ലഭ്യമായിട്ടുണ്ട്. ബാക്കി 63.56 ആർ സ്ഥലം ഇനിയും ഏറ്റെടുത്ത് കൈമാറേണ്ടതായിട്ടുണ്ട്. ഇതിനായി റവന്യൂ വകുപ്പിന് ഇനി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിലയ്ക്ക് ആധാരമായി 5 ശതമാനം തുക കണ്ടിജൻസി ചാർജ് ആയി നൽകുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സ്പെഷ്യൽ തഹസിൽദാർക്ക് തുടർ നടപടികൾ സ്വീകരിച്ച് സ്ഥലം ഏറ്റെടുത്ത് കൈമാറണമെന്ന അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡിലെ വിട്ടുപോയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി റവന്യൂ വകുപ്പിന് പുതിയ അർത്ഥനയും നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് തടസ്സമാണ് നിലവിലുള്ളത്; ഇത് അടിയന്തിരമായി പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | (ബി) റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുത്ത് നൽകിയാൽ മാത്രമേ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ